# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2106

2015 ജൂലൈ 7-ാം തീയതി മറുപടി നല്കേണ്ടത്

## കരാറുകാർക്കുള്ള കുടിശ്ശിക

ചോദ്യം

ഉത്തരം

ശ്രീ. രാജു എബ്രഹാം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ). ധനകമ്മി ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുണ്ടോ: | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) വിവിധ വകുപ്പുകൾക്ക് എത്ര രൂപ വീതം കരാർ കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ: | ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.03.2014 മുതൽ 28.02.2015 വരെ 1571.95 കോടിരൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 437.87 കോടിരൂപയുടെയും ജലവിഭവവകുപ്പിൽ 01.03.2014 മുതൽ 30.08.2014 വരെ എല്ലാ വിഭാഗങ്ങളിൽ നിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 158.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 2168.40 കോടി രൂപയുടെ കുടിശ്ശികയുണ്ട്. |
| സി) കരാറുകാർക്കുള്ള കുടിശ്ശിക പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്:പ്രസ്തുത കരാറു-കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ: ഉണ്ടെങ്കിൽ എന്ന്: ചർച്ചയിൽ | സർക്കാർ കരാറുകാരുടെ ബിൽ കുടിശ്ശിക സമയ ബന്ധിതമായി കൊടുത്തു തീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26.04.2015 ൽ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് |

| | |
|---|---|
| എന്തൊക്കെ ഉറപ്പുകളാണ് കരാറുകാർക്ക് നൽകിയത്: | പൊതുമരാമത്ത് നിരത്തു വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തു വിഭാഗത്തിന്റെത് 2016 മാർച്ചിലും കൊടുത്തു തീർക്കാൻ ധാരണയായിട്ടുണ്ട്. ആറുമാസത്തെ ബില്ലുകൾക്ക് ഡിസ്കൗണ്ട് ചെയ്യുന്നതിന് സൗകര്യം ഉണ്ടാകുന്നതും ആറുമാസത്തിലധികം പഴക്കമുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുമ്പോൾ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% സർക്കാർ മടക്കി നൽകുന്നതുമാണ് എന്ന് അറിയിച്ചിരുന്നു. നിലവിൽ ഇത് 25% ആണ്. കൂടാതെ കെട്ടിട വിഭാഗത്തിന്റെ ഭരണാനുമതി തുക 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ഡെപ്പൊസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കാനുള്ള അധികാരം ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് നൽകാനും ജലവിഭവ വകുപ്പിലെ കുടിശ്ശിക ബില്ലുകൾ എപ്രിൽ മാസം മുതൽ നൽകി തുടങ്ങാനും നബാർഡ് പദ്ധതികൾ, ഡെപ്പൊസിറ്റ് വർക്കുകൾ എന്നിവയുടെ ബില്ലുകൾക്കുള്ള തുക കുടിശ്ശികയാകാതെ അനുവദിക്കുമെന്നും കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായുള്ള ചർച്ചയിൽ ധാരണയായിട്ടുണ്ടായിരുന്നു. |
| ഡി) പ്രസ്തുത ഉറപ്പുകൾ പാലിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? പ്രസതുത ഉറപ്പുകൾ നടപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ: വിശദമാക്കാമോ? | കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി G.O.(P) No.97/2015/Fin. Dated 25.02.2015 പ്രകാരം ആവിഷ്ക്കരിച്ച ബിൽ ഡിസ്കൗണ്ടിങ്ങ് സമ്പ്രദായത്തിന് അനുസൃതമായി G.O.(Rt) NO.5597/2015/Fin. dated 10.06.2015 പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ സെപ്റ്റംബർ 2014 വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 |

| | |
|---|---|
| | ഡിസംബർ മാസത്തോടുകൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾ നവംബർ 2015 മാസത്തോടുകൂടിയും ജലവിഭവ വകുപ്പിലെ ഒക്ടോബർ 2014 വരെയുള്ള ബില്ലുകൾ നവംബർ 2015 മാസത്തോടുകൂടിയും കൊടുത്തു തീർക്കുന്നതിനുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ G.O.(P) No.221/2015/Fin. dated 10.06.2015 പ്രകാരം 2015 ആഗസ്റ്റ്മാസം ഒന്നു മുതൽ ഡിസ്കൗണ്ട് ചെയ്യുന്ന ബില്ലുകളുടെ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% കരാറുകാർക്ക് മടക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. G.O.(P) No.198/2015/Fin. dated 28.05.2015 അനുസരിച്ച് 5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഭരണാനുമതി നൽകിയിട്ടുള്ള കെട്ടിട വിഭാഗം ഡിപ്പോസിറ്റ് പ്രവർത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എഞ്ചിനിയർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ